<u>14 -ാം കേരള നിയമസഭ</u>

<u>22 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1837</u> <u>19-01-2021 - ൽ മറുപടിയ്ക്ക്</u>

<u>കെ.എസ്.ആർ.ടി.സി.യുടെ കീഴിൽ സ്വിഫ്റ്റ് കമ്പനി രൂപീകരണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | Shri. A. K. Saseendran<br>(ഗതാഗത വകുപ്പുമന്ത്രി) | |
| (എ) | ദീർഘദൂര സർവ്വീസുകൾ ലാഭകരമായി നടത്തുവാൻ കെ.എസ്.ആർ.ടി.സി.യുടെ കീഴിൽ 'സ്വിഫ്റ്റ്' കമ്പനി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | 310 CNG ബസുകളും, 50 ഇലക്ട്രിക് ബസുകളും വാങ്ങുന്നതിനും, 400 ഡീസൽ ബസുകളെ LNG ആയി പരിവർത്തനം ചെയ്യുന്നതിനുമായി 359 കോടി രൂപ നിബന്ധനകളോടെ കിഫ്ബി അനുവദിച്ചിട്ടുണ്ട്. കിഫ്ബിയുടെ ധനസഹായത്താൽ പുതുതായി നിരത്തിലിറക്കുന്ന ബസുകൾ കാര്യക്ഷമമായി ഓപ്പറേറ്റ് ചെയ്യുന്നതിന് ഒരു Special Purpose Vehicle (SPV) രൂപീകരിക്കണം എന്നതാണ് കിഫ്ബിയുടെ ഒരു പ്രധാന നിബന്ധന. ഇപ്രകാരം രൂപീകരിവാൻ നിശ്ചയിച്ചിരിക്കുന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി. "കെ.എസ്.ആർ.റ്റി.സി സ്വിഫ്റ്റ്" എന്ന നാമത്തിൽ കമ്പനി രൂപീകരിക്കുക എന്ന ആശയം ഇപ്പോൾ പരിഗണനയിലുണ്ട്. ഇപ്രകാരം രൂപീകരിക്കപ്പെടുന്ന SPV മുഖാന്തിരം ദീർഘദൂര ബസുകൾ ഫലപ്രദമായി ഓപ്പറേറ്റ് ചെയ്യുന്നതിനാണ് പരിശ്രമിക്കുന്നത്. ഇത് സംബന്ധിച്ച നടപടികൾ പുരോഗമിക്കുന്നു. ഈ കമ്പനി രൂപീകരിക്കുന്നത് 10 വർഷക്കാലത്തേയ്ക്ക് മാത്രമാണ്. അതിനുശേഷം ഈ കമ്പനി wind up ചെയ്യുന്നതായിരിക്കും. |
| (ബി) | ഇപ്രകാരം ഒരു കമ്പനി രൂപീകരിക്കുന്നതുകൊണ്ട് ഉദ്ദേശിക്കുന്ന ഗുണപരമായ മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) | ലോകോത്തര നിലവാരത്തിലുള്ള ബസുകളും സേവനങ്ങളും പൊതു ഗതാഗതത്തിന് പ്രദാനം ചെയ്യുക. മെച്ചപ്പെട്ട സൗകര്യങ്ങൾ യാത്രക്കാർക്ക് നൽകി പൊതുഗതാഗതം കൂടുതലായി ഉപയോഗിക്കുന്ന സംവിധാനം ഒരുക്കുക. നല്ല സേവനം നൽകി കൂടുതൽ ലാഭം കണ്ടെത്തുക എന്നതാണ് നയം. ഇപ്രകാരം കൈവരിക്കുന്ന ലാഭം കെ.എസ്.ആർ.ടി.സി.യുടെ നിലനിൽപ്പിനും കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ ശമ്പളം നൽകുന്നതിനുമായി വിനിയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | കെ.എസ്.ആർ.ടി.സി.യുടെ കൈവശമുള്ള എത്ര | (സി) | കെ.എസ്.ആർ.ടി.സി.യിൽ നിന്നും ആദ്യ |

| | | | |
|---|---|---|---|
| | ബസ്സുകൾ പ്രസ്തുത കമ്പനിയുടെ കീഴിലേക്ക് മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ട്; കിഫ്ബി വഴി വാങ്ങുന്ന ഹൈടെക് ബസ്സുകളും പ്രസ്തുത കമ്പനിയുടെ കീഴിലേയ്ക്ക് മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | | ഘട്ടത്തിൽ മാറ്റുവാൻ ഉദ്ദേശിക്കുന്ന വാഹനങ്ങൾ No. Scheme No. of Buses 1. JnNRUM Volvo Buses * 190 2. Scania and Volvo Buses 29 3. Scania Bus on Wet – lease 9 4. Electric Bus on Wet-lease 9 Total 237 കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി സ്വിഫ്റ്റിൽ വാങ്ങുവാൻ ഉദ്ദേശിക്കുന്ന ബസ്സുകളുടെ വിവരം Scheme No. of Buses 1. CNG Buses to be procured through KIIFB 310 2. Electric Bus to be procured through KIIFB 50 Total 360 |
| (ഡി) | കെ.എസ്.ആർ.ടി.സി.യെ സ്വകാര്യവൽക്കരിക്കുവാനുള്ള നീക്കമാണ് ഇതിലുള്ളതെന്ന തൊഴിലാളി യൂണിയനുകളുടെ ആശങ്ക വസ്തുതാപരമാണോ; എങ്കിൽ പ്രസ്തുത ആശങ്ക പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ? | (ഡി) | തൊഴിലാളി യൂണിയനുകളുടെ ആശങ്ക അടിസ്ഥാനരഹിതമാണ്. തെറ്റിദ്ധാരണകൾ മാറ്റുന്നതും സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ കൊണ്ട് ലക്ഷ്യമിടുന്നത് എന്തെന്നത് വിശദീകരിക്കുന്നതിനുമായും 11-01-2021-ൽ തൊഴിലാളി സംഘടനകളുമായി ഒരു യോഗം ചേർന്നിട്ടുള്ളതാണ്. നടപടികൾ സുതാര്യമാക്കുന്നതിനും യൂണിയനുകളുടെ സഹകരണം ഉറപ്പ് വരുത്തുന്നതിനുമായും തുടർ ചർച്ചകൾ നടത്തുവാനും നിശ്ചയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ